,കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - 2018 - 2019 അധ്യയന വർഷത്തെ എയ്ഡഡ് സ്കൂൾ നിയമനങ്ങൾക്കും, പി.എസ്.സി വിജ്ഞാപനം ചെയ്ത ഒഴിവുകളിലേക്കുമുള്ള നിയമനത്തിന് കെ-ടെറ്റ് യോഗ്യത നേടുന്നതിന് 31-03-2019 വരെ ഇളവ് - അനുവദിച്ച് ഉത്തരവാകുന്നു

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ(കൈ) നം.33/19/പൊവിവ തീയതി, തിരുവനന്തപുരം. 08/03/2019

---

പരാമർശം:- (1) സ.ഉ (പി) നം. 199/2011/പൊവിവ തീയതി 01/10/2011.
(2) കേന്ദ്ര നിയമ മന്ത്രാലയത്തിന്റെ 10/8/2017 ലെ നോട്ടിഫിക്കേഷൻ നം. 24/17.
(3) സ.ഉ (കൈ) നം.134/2017/പൊവിവ തീയതി 30/10/17
(4) സ.ഉ (കൈ) നം. 10/19/പൊവിവ തീയതി 16/01/2019.

**ഉത്തരവ്**

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം 2009 പ്രകാരം അദ്ധ്യാപക തസ്തികളിലേക്കുള്ള നിയമനത്തിന് ടെറ്റ് യോഗ്യതയായി നിശ്ചയിച്ചതിനെത്തുടർന്ന് പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്തെ അദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾക്ക് കെ-ടെറ്റ് നിർബന്ധമാക്കുകയുണ്ടായി.

കേന്ദ്ര നിയമ നീതി നിർവ്വഹണ മന്ത്രാലയത്തിന്റെ പരാമർശം (2) നോട്ടിഫിക്കേഷൻ പ്രകാരം 31.03.2015 വരെ നിയമിതരായ മിനിമം യോഗ്യതയില്ലാത്ത അധ്യാപകർക്ക് പ്രസ്തുത യോഗ്യത ആർജ്ജിക്കുന്നതിന് 4 വർഷത്തെ സാവകാശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് സ്കൂളുകളിലെ 2017-18 അധ്യയന വർഷം വരെ നിയമനം നേടിയ അദ്ധ്യാപക/അനദ്ധ്യാപക വിഭാഗത്തിൽപ്പെടുന്നവർക്ക് കെ-ടെറ്റ് നേടുന്നതിന് പരാമർശം (3) ഉത്തരവ് പ്രകാരം 31-03-2019 വരെ സമയം അനുവദിച്ചിരുന്നു.

ഇതിനനുസൃതമായി പരാമർശം (4) ഉത്തരവ് പ്രകാരം 2017 -2018 അധ്യയന വർഷം വരെ എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി തസ്തികയിൽ ഉണ്ടായ ഒഴിവുകളിലേയ്ക്ക് നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനത്തിന് യോഗ്യരായവരിൽ കെ-ടെറ്റ് പാസാകാത്തവർ ഉണ്ടെങ്കിൽ അവർക്ക് കെ-ടെറ്റ് പാസാകുന്നതിന് 31-3-2019 വരെ ഇളവ് അനുവദിച്ചിരുന്നു.

2018 – 19 അധ്യയന വർഷം സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്കും ടി ഇളവ് അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിന്റെ

Scanned by CamScanner

അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

1. 2018-19 അധ്യയന വർഷം എയ്ഡഡ് സ്കൂളുകളിൽ നിയമിതരായ അദ്ധ്യാപകർക്കും അനദ്ധ്യാപക ജീവനക്കാർക്കും കെ-ടെറ്റ് പാസാകുന്നതിന് 31/03/2019 വരെ സമയം അനുവദിക്കുന്നു.
2. 2018 – 19 അധ്യയന വർഷം വരെ സർക്കാർ വിദ്യാലയങ്ങളിലുണ്ടായ ഒഴിവുകളിലേയ്ക്ക് നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനത്തിന് യോഗ്യരായവരിൽ കെ-ടെറ്റ് പാസാകാത്തവർ ഉണ്ടെങ്കിൽ അവർക്ക് കെ-ടെറ്റ് പാസാകുന്നതിന് 31-03-2019 വരെ സമയം അനുവദിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ. ഷാജഹാൻ
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ളിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും, ഓഫീസർമാർക്കും
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:
ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്
വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

എച്ച്3/30197/16/ഡി.പി.ഐ തീയതി 11-03-2019.
ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു.

സ്വീകർത്താക്കൾ
1) എല്ലാ DDE/DEO/AEO മാർക്കും.
പകർപ്പ്
1) എക്സി. ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ജെസ്സി ജോസഫ്
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം 14

Scanned by CamScanner